LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ

6 (*276) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പാലോട് രവി: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരം ആണെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എപ്രകാരം നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. ഈ വർഷം സംസ്ഥാനത്ത് 625 എൽ.പി. സ്കൂളുകളിലും, 1200 യു.പി. സ്കൂളുകളിലും, 2000 ഹൈസ്കൂളുകളിലുമായി 3825 സ്കൂളുകളിൽ 1 M^3 വലുപ്പത്തിലുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇ ടെണ്ടർ മുഖേന തെരഞ്ഞെടുത്ത RAIDCO, KAICO എന്നീ സ്ഥാപനങ്ങൾ, പ്ലാന്റുകൾ സ്കൂളുകളിൽ സ്ഥാപിക്കുന്നതാണ്.

(ബി) കേരളത്തിലെ സ്കൂളുകളിൽ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശേഖരിച്ച് പരിസരമലിനീകരണം കൂടാതെ സംസ്കരിക്കുക, സ്കൂളുകളിലെ ഉച്ചഭക്ഷണം ഉണ്ടാക്കുന്നതിനാവശ്യമായ ഇന്ധനം ഏറ്റവും സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ മാർഗ്ഗത്തിൽ ലഭ്യമാക്കുക, പച്ചക്കറി കൃഷിയിൽ നിന്നും ഉണ്ടാവുന്ന പാഴ്വസ്തുക്കൾ ബയോഗ്യാസും, ജൈവ വളവുമായി മാറ്റുന്നതിനുമുള്ള പ്രവൃത്തി പരിചയം നല്കുക, വിദ്യാർത്ഥി സമൂഹത്തിന് വിഷവിമുക്തമായ പച്ചക്കറി ഉത്പന്നം ലഭ്യമാക്കുക, പരിസര സംരക്ഷണത്തിന്റെ ബാലപാഠങ്ങൾ വിദ്യാർത്ഥികൾക്ക് ഹൃദിസ്ഥമാക്കുക, വിദ്യാർത്ഥികളുടെ ഒഴിവുവേള ഫലപ്രദമായി ഉപയോഗിക്കുക എന്നിങ്ങനെയുള്ള വിവിധ ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത്.

(സി) വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് കൃഷി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കേണ്ട സ്കൂളുകൾ അതാത് ജില്ലാതല വിദ്യാഭ്യാസ ഓഫീസർമാരാണ് തെരഞ്ഞെടുക്കുന്നത്. അങ്ങനെ തെരഞ്ഞെടുത്ത സ്കൂളുകളുടെ ലിസ്റ്റ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ വഴി കൃഷി ഡയറക്ടർക്ക് ലഭ്യമാക്കുന്നതാണ്.

(ഡി) 100% കേന്ദ്ര സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി 15-3-2014-ലെ സ.ഉ.(സാധാ) നമ്പർ 530/2014/ കൃഷി പ്രകാരം 5.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻ വഴി 5.1404175 കോടി രൂപ 13-11-2014-ലെ സ.ഉ. (MS)258/ 2014/AD പ്രകാരം അനുവദിച്ചിട്ടുണ്ട്.

വാർഡുകളുടെ പുനഃസംഘടന

7 (*277) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ പുനഃസംഘടിപ്പിക്കുവാനും സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും മുനിസിപ്പാലിറ്റികൾ കോർപ്പറേഷനായി ഉയർത്താനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ഇത്തരത്തിലുള്ള തീരുമാനം കൈക്കൊണ്ടതെന്നറിയിക്കാമോ ;

(സി) ഇതു സംബന്ധമായ ബന്ധപ്പെട്ട നിയമ വ്യവസ്ഥകളെന്തൊക്കെയാണ് ;

(ഡി) നിലവിലുള്ള മുനിസിപ്പാലിറ്റികളെ കോർപ്പറേഷനുകളാക്കുമ്പോൾ അധികാരകേന്ദ്രീകരണം ആണ് നടക്കുന്നതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ പുനഃസംഘടനയ്ക്ക് ഡീലിമിറ്റേഷൻ കമ്മീഷൻ നിലവിലുണ്ടോ ; കമ്മീഷൻ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഇത്തരത്തിലുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനു മുമ്പ് ഒരു ഡീലിമിറ്റേഷൻ കമ്മീഷനെ നിയമിച്ച് ആയതിന്റെ ശിപാർശ തേടിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly